ഉത്തരം

(എ) 276 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 109 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) 5 പോസ്റ്റുകൾ ഉണ്ട്. ഇതിൽ 4 എണ്ണം ഒഴിഞ്ഞുകിടപ്പുണ്ട്.

(സി) ഉണ്ട്. ഇതിൽ 36 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 35 എണ്ണം ഒഴിഞ്ഞുകിടപ്പുണ്ട്.

(ഡി) ഉണ്ട്. 70 ശിവുകൾ.

(ഇ) ഇല്ല. നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടില്ല.
(എഫ്) പി. എസ്. സി. ലിസ്റ്റ് നിലവിലില്ല.

(ജി) മോട്ടോർ വാഹന വകുപ്പിലെ ചില ഓഫീസുകളിൽ ബ്രീത്ത് അനലൈസർ, എക്സ്ഹോസ്റ്റ് ഗ്യാസ് അനലൈസർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. അവയിൽ ഏറിയപങ്കും പ്രവർത്തനക്ഷമമാണ്. ഉപയോഗ പ്രദമല്ലാത്തവ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പീഡ് ഗവർണർ ഡിപ്പാർട്ട്മെന്റിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് ആവശ്യമില്ലാത്തതിനാൽ അവ നിലവിൽ സ്റ്റോക്ക് ചെയ്തിട്ടില്ല.

സ്വാശ്രയ സഹകരണ സംഘങ്ങൾ

122 [2259] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ ഏത്ര സ്വാശ്രയസഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ അനുമതി നൽകിയ ഏതെങ്കിലും സ്വാശ്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണമേഖലയിലെ വിവിധ ബാങ്കുകൾ വിതരണം നടത്തുന്ന വായ്പകൾ

123 [2260] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ വിവിധ ബാങ്കുകൾ നടപ്പുവർഷം ഏത്ര കോടി രൂപയുടെ വായ്പയാണ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly